(സി) ചാരായനിരോധനം ഏർപ്പെടുത്തിയശേഷം കള്ള്, ഇന്ത്യൻ നിർമ്മിത വിദേശമദ്യം എന്നിവയുടെ ഉപഭോഗം വർദ്ധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ചാരുംമൂട് എക്സൈസ് റേഞ്ച് ഓഫീസിനായി ലഭിച്ചിട്ടുള്ള നിവേദനങ്ങൾ

29 [3282] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തെക്കുകിഴക്കേ അതിരായി ചാരുംമൂട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രദേശത്തെ വ്യാജമദ്യ വില്പന തടയുന്നതിന് ചാരുംമൂട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളോ സംഘടനകളോ നിവേദനങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (സി) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കാനുള്ള ഒരു ശിപാർശയും സർക്കാരിന്റെ പരിഗണനയിലില്ല. ഇക്കാര്യത്തിൽ നിവേദനങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അഴിയൂർ എക്സൈസ് ചെക്ക്പോസ്റ്റിൽ വാഹനം ലഭ്യമാക്കാൻ നടപടി

30 [3283] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ അഴിയൂർ എക്സൈസ് ചെക്ക്പോസ്റ്റിൽ ആവശ്യത്തിന് വാഹനങ്ങളും ജീവനക്കാരും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാഹിയുടെ ഏറ്റവും അടുത്തുള്ള ഈ ചെക്ക്പോസ്റ്റിൽ സ്വന്തമായി വാഹനം ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) അഴിയൂർ ചെക്ക്പോസ്റ്റിൽ ഉടനെ ഒരു വാഹനം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വടകര മണ്ഡലത്തിലെ അഴിയൂർ ചെക്ക്പോസ്റ്റിൽ ഇപ്പോൾ ഒരു പ്രിവന്റീവ് ഓഫീസറും 3 എക്സൈസ്ഗാർഡുകളും ജോലി നോക്കുന്നു. കൂടാതെ, ടേൺപ്രകാരം ഒരു പ്രിവന്റീവ് ഓഫീസറും, 4 ഗാർഡുകളും ദിവസേന ജോലി നോക്കുന്നു. ഒരു വാഹനവും നിലവിലുണ്ട്.

(ബി) നിലവിൽ ഒരു വാഹനം അനുവദിച്ചിട്ടുണ്ട്.

(സി) വകുപ്പിൽ പുതിയ വാഹനം എത്തുമ്പോൾ ഈ ചെക്ക്പോസ്റ്റിൽ ഒരു വാഹനംകൂടി അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

കുന്ദമംഗലം എക്സൈസ് ഓഫീസിന് സ്ഥലം കൈമാറുന്നതിന് നടപടി

31 [3284] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം എക്സൈസ് ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വന്തം കെട്ടിടം ഉണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനാവശ്യമായ സ്ഥലം എവിടെയാണ് കണ്ടെത്തിയത്;

(ഡി) നിയുക്തസ്ഥലം ഇന്ന് ആരുടെ ഉടമസ്ഥതയിലാണെന്നും എത്ര സെന്റ് സ്ഥലമാണ് കണ്ടെത്തിയത് എന്നും ഈ സ്ഥലത്തിന്റെ അതിരുകളും സർവ്വേ നമ്പറും സഹിതം വെളിപ്പെടുത്തുമോ;

(ഇ) ഈ സ്ഥലത്ത് കുന്ദമംഗലം എക്സൈസ് റെയ്ഞ്ചാഫീസ് കെട്ടിടം പണിയുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(എഫ്) പുതിയ കെട്ടിടത്തിൽ കുന്ദമംഗലം എക്സൈസ് റെയിഞ്ചാഫീസ് എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) കുന്ദമംഗലം എക്സൈസ് റെയിഞ്ച് പരിധിയിൽ കുന്ദമംഗലം വില്ലേജാഫീസിനടുത്ത്.

GPM. 2/609/2012—10

LIBRARY ARCHIVES Kerala Legislative Assembly